# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 533 | 29.06.2015-ലെ മറുപടിയ്ക്ക് |
|---|---|

### സൈക്കിൾ വില്പനയിൽ നിന്നുള്ള നികുതി വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ഡോ.കെ.ടി.ജലീൽ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം എത്ര സൈക്കിളുകൾ വിറ്റഴിക്കപ്പെടുന്നുണ്ട്; മുൻവർഷങ്ങളിലെ ഈ ഇനത്തിലുള്ള നികുതി വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | (എ) | മുൻ വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം 494206 സൈക്കിളുകൾ വിറ്റഴിക്കപ്പെടുന്നുണ്ട്.<br><br>ഈ ഇനത്തിൽ 2014-2015 സാമ്പത്തികവർഷം 20.47 കോടി രൂപ നികുതിയിനത്തിൽ ലഭിച്ചു |
| (ബി) | സൈക്കിൾ വില്പനയിൽ ഏർപ്പെട്ട വ്യാപാര സ്ഥാപനങ്ങൾ എത്ര; ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കുകയും ബില്ലുകളിൽ കൃത്രിമം കാട്ടി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്തതിന്റെ പേരിൽ എത്ര വ്യാപാരികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് 336 വ്യാപാര സ്ഥാപനങ്ങൾ സൈക്കിൾ വില്പനയിൽ ഏർപ്പെട്ടിട്ടുണ്ട്.<br>ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കുകയും ബില്ലുകളിൽ കൃത്രിമം കാട്ടി നികുതി വെട്ടിപ്പ് നടത്തുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | യഥാർത്ഥത്തിൽ വിറ്റഴിക്കപ്പെടുന്ന സൈക്കിളുകളുടെ എണ്ണത്തിനനുസൃതമായി നികുതി വരുമാനം ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ